# അരുവിക്കര കുടുംബശ്രീ സിഡിഎസ്

നെടുമങ്ങാട് ബ്ലോക്കിലെ അരുവിക്കര പഞ്ചായത്തിലെ കുടുംബശ്രീ സിഡിഎസിൽ ആകെ അയൽക്കൂട്ടം 343. ആകെ ജെ.എൽ.ജി 27. ആകെ വാർഡ് 20. കൊവിഡ് 19കാലത്ത് ഒരു സിഡിസ് വാട്ട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചു. ഈ വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ ആകെ അംഗങ്ങൾ 26. ജനറൽ ബോഡിയിലെ ആകെ എ.ഡി.എസ് അംഗങ്ങൾ 140. ആകെ 20 എ.ഡി.എസ് വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചു. എഡിഎസ് വാട്ട്സ് ആപ്പ് ഗ്രൂപ്പിലെ അംഗങ്ങൾ 720.

അരുവിക്കര പഞ്ചായത്തിന്റെയും കുടുംബശ്രീ സിഡിഎസിന്റേയും നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചൻ 27.03.2020ന് ആരംഭിച്ചു. കമ്മ്യൂണിറ്റി കിച്ചനിൽ ജെ.എൽ.ജി കർഷകർ പച്ചക്കറിയും എത്തിച്ചു. കമ്മ്യൂണിറ്റി കിച്ചനിൽ പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും സൗജന്യമായി നൽകി. ജനകീയ ഹോട്ടലിന്റെ പ്രവർത്തനം 13.04.2020 ന് ആരംഭിച്ചു. ഒരു ഊണിന് 20 രൂപാ നിരക്കിൽ നൽകുന്നു.



അരുവിക്കര സിഡിഎസിന്റെ കീഴിൽ ഒരു ജൈവവിഭവകേന്ദ്രം ആരംഭിച്ചു.






കൊവിഡ് 19 കാലത്ത് ജെ.എൽ.ജി കർഷകർ അടുക്കളത്തോട്ടം ചെയ്തു.

ചെറിയ കൊണ്ണിവാർഡിൽ കാർത്തിക കുടുംബശ്രീയാണ് അടുക്കളതോട്ടം ചെയ്തത്.







## CMHLS ലോൺ വിവരങ്ങൾ

CMHLS ലോണിനു വേണ്ടി അരുവിക്കര സിഡിഎസിൽ 204 അപേക്ഷകൾ സമർപ്പിച്ചു. 2757 അംഗങ്ങൾ ഈ സ്കീമിലുണ്ട്. അയൽക്കൂട്ടം ആവശ്യപ്പെട്ട തുക 23280000. ബാങ്കിൽ സമർപ്പിച്ച മൊത്തം അപേക്ഷകളുടെ എണ്ണം 204. ബാങ്ക് അനുവദിച്ച മൊത്തം അപേക്ഷകളുടെ എണ്ണം 44. ലോൺ അനുവദിച്ച അംഗങ്ങളുടെ എണ്ണം 547. ബാങ്ക് അനുവദിച്ച തുക 4640000.